RNI.No.29451/1977
Registered - KL/TCR/274/2018-2020

ജനുവരി 2018

Licence No.
Licensed to Post Without Prepayment

Date of Publication: 01.01.2018

# കത്തോലിക്കാസഭ

പ്രിയ വായനക്കാർക്ക് നവവത്സര ആശംസകൾ!

▪ Established: 1977 ▪ e-mail: catholicasabha@gmail.com ▪ www.catholicasabha.org ▪ 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' പുസ്തകം 42 | ലക്കം 01 | പേജ് 20 | വില: ₹4.25 *T

**ജനുവരി 26. ഇന്ത്യയുടെ 69-ാമത് റിപ്പബ്ലിക് ദിനം. വർഗീയ ശക്തികൾ അഴിച്ചുവിടുന്ന ഭീതിയും അരക്ഷിതാവസ്ഥയും ഇല്ലാതാക്കി എല്ലാ വിഭാഗം ജനങ്ങൾക്കും സ്വാതന്ത്ര്യവും ജനാധിപത്യവും മതനിരപേക്ഷതയും ഉറപ്പാക്കുമ്പോഴേ റിപ്പബ്ലിക് ദിനാഘോഷം അർഥപൂർണമാവൂ.**

## ഭീതിയുടെ റിപ്പബ്ലിക്

**സ്റ്റാഫ് ലേഖകൻ**

**2014 മുതലുള്ള മൂന്നുവർഷങ്ങളിൽ ഇന്ത്യയിൽ ക്രൈസ്തവർക്കു നേരെ നടന്ന ആക്രമണങ്ങൾ – 700**

**മതസ്വാതന്ത്ര്യത്തിനെതിരെ അതിക്രമങ്ങൾ നടക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം – 15**

*അവലംബം: 'വേൾഡ് വാച്ച്–2017' റിപ്പോർട്ട്*

തൃശൂർ: വീണ്ടും ഒരിക്കൽ കൂടി റിപ്പബ്ലിക് ദിനം– ജനുവരി 26. ഇന്ത്യ പരമാധികാര, സോഷ്യലിസ്റ്റ്, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക് ആയതിന്റെ 69–ാമത് വാർഷികം. രാജ്യത്തെ 125 കോടി ജനങ്ങളും നെഞ്ചിലേറ്റുന്ന ദേശീയതയുടെയും സ്വാഭിമാനത്തിന്റെയും ആഘോഷത്തിനാണ് ഇന്ത്യ ഒരുങ്ങുന്നത്.

1950 ജനുവരി 26 ന് ഇന്ത്യ റിപ്പബ്ലിക്കായി. അന്നു ഇന്ത്യയിലെ പൗരന്മാർ ചരിത്രത്തോടും ലോകസമൂഹത്തോടും പ്രഖ്യാപിച്ചു, നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന പ്രമാണങ്ങളായ നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും സമസ്ത ജനങ്ങൾക്കും ഉറപ്പാക്കുമെന്ന്. എന്നാൽ അറുപത്തെട്ട് വർഷങ്ങൾ പിന്നിടുമ്പോൾ, നമ്മുടെ മാതൃരാജ്യത്തിലെ വലിയ വിഭാഗം ജനങ്ങൾ ഭീതിയിലും ആശങ്കയിലും നാളെപ്പറ്റിയുള്ള അനിശ്ചിതാവസ്ഥയിലുമാണ്. റിപ്പബ്ലിക് ദിനത്തിൽ രാജ്യതലസ്ഥാനത്ത് രാജ്പഥിൽ നടക്കുന്ന പരേഡിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള വൈവിധ്യമാർന്ന നിശ്ചലദൃശ്യങ്ങൾ, ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പാരമ്പര്യങ്ങളെ ലോകത്തിനു മുന്നിൽ ഉയർത്തിക്കാട്ടും. അതിനിടയിൽ പക്ഷേ, രാജ്യത്തെ കോടിക്കണക്കിനു ന്യൂനപക്ഷങ്ങളും ദലിത് ജനവിഭാഗങ്ങളും മനസ്സിൽ പേറുന്ന ഭീതിയുടെയും ആശങ്കകളുടെയും കനലുകൾ എരിയുന്ന നെരിപ്പോടുകളുണ്ടെന്ന കാര്യം വിസ്മരിക്കാനാവില്ല.

ക്രൈസ്തവ ന്യൂനപക്ഷങ്ങൾ സമീപകാലത്തായി നേരിട്ടുകൊണ്ടിരിക്കുന്ന ആക്രമണങ്ങളുടെ കണക്ക് ഞെട്ടിക്കുന്നതാണ്. ഏറ്റവുമൊടുവിൽ ഇക്കഴിഞ്ഞ ഡിസംബറിൽ മധ്യപ്രദേശിലെ സത്നയിൽ ക്രിസ്മസ് ആഘോഷവേളയിൽ വൈദികരും വൈദികവിദ്യാർഥികളും ആക്രമിക്കപ്പെട്ട കാര്യം ബിബിസി ഉൾപ്പെടെ ലോകമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തതാണ്. സത്ന സംഭവം കഴിഞ്ഞ് അടുത്ത ദിവസങ്ങളിൽ രാജസ്ഥാനിലെ ജയ്പൂരിലും ക്രിസ്മസ് ആഘോഷവേദി ആക്രമിക്കപ്പെട്ടു. ഉത്തർപ്രദേശിലെ സ്കൂളുകളിൽ ഹിന്ദു സംഘടനകളുടെ ഭീഷണിയും വിലക്കും മൂലം ക്രിസ്മസ് ആഘോഷിക്കാൻ കഴിഞ്ഞില്ല. മംഗലാപുരത്ത് ഡിസംബറിൽ പള്ളി ആക്രമിച്ചു. ഉത്തർപ്രദേശിലെ പല ഗ്രാമങ്ങളിലും ക്രൈസ്തവർക്കും വൈദികർക്കും കന്യാസ്ത്രീകൾക്കും ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് തുടരുന്നു.

കേന്ദ്രത്തിൽ ബിജെപി സർക്കാർ അധികാരത്തിൽ വന്ന 2014 മുതൽ ഇന്ത്യയിൽ ക്രൈസ്തവർക്കെതിരായ 700 ആക്രമണങ്ങളുണ്ടായി. 2016 ൽ മാത്രം 441. വർധിച്ചുവരുന്ന ആക്രമണങ്ങളുടെ ഭീതിപ്പെടുത്തുന്ന കണക്കാണിത്. ഇന്ന് ലോകത്ത് ഏറ്റവുമധികം മതപീഡനങ്ങൾ നടക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ 15–ാം സ്ഥാനത്താണ് ഇന്ത്യ. 2017ൽ ഒക്ടോബർ വരെ 36 ആക്രമണങ്ങൾ അരങ്ങേറിയ തമിഴ്നാടും ഛത്തീസ്ഗഢുമാണ് മുന്നിൽ. തൊട്ടു പിന്നിലുണ്ട് ഉത്തർപ്രദേശ് (26), മധ്യപ്രദേശ് (21), മഹാരാഷ്ട്ര (16). ഇന്ത്യയുടെ ഹൃദയഭൂമിയെന്നറിയപ്പെടുന്ന ഹിന്ദിഭാഷാ സംസ്ഥാനങ്ങളിൽ ഭൂരിപക്ഷവും ഭരിക്കുന്ന ബിജെപി സർക്കാരുകളുടെ കീഴിലാണ് അക്രമങ്ങൾ അധികവും അരങ്ങേറുന്നത്.

ക്രൈസ്തവർക്കെതിരായ അക്രമങ്ങൾ യാദൃച്ഛികങ്ങളല്ല. 2022 ൽ സ്വാതന്ത്ര്യപ്രാപ്തിയുടെ 75–ാം വാർഷികം ആഘോഷിക്കുമ്പോഴേയ്ക്കും ഇന്ത്യയെ ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിക്കുമെന്ന വർഗീയസംഘടനകളുടെ പ്രസ്താവനകൾ നിലവിലുണ്ട്. തുടരുന്ന ആക്രമണങ്ങൾ ക്രൈസ്തവരുൾപ്പെട്ട ന്യൂനപക്ഷങ്ങളിൽ പരത്തിയിട്ടുള്ള ഭീതിയും അരക്ഷിതബോധവും ഗുരുതരമായ സ്ഥിതിവിശേഷമാണ്.

ഇത് പരിഹരിക്കാൻ ഉന്നത സ്ഥാനങ്ങളിൽ നിന്ന് ശക്തമായ നടപടികളാണ് ഇനിയും അവർ പ്രതീക്ഷിക്കുന്നത്.



**വർണങ്ങളുടെ വിസ്മയക്കാഴ്ച:** *തൃശൂർ അതിരൂപതയും പൗരാവലിയും ചേർന്ന് നടത്തിയ ബോൺ നതാലെ 2017 ക്രിസ്മസ് ഘോഷയാത്രയുടെ അവിസ്മരണീയമായ ദൃശ്യം.* (പേജ് –3)

## ഷംഷാബാദ് ഒരുങ്ങുന്നു; മാർ റാഫേൽ തട്ടിൽ സ്ഥാനാരോഹണം ജനുവരി ഏഴിന്

**സ്വന്തം ലേഖകൻ**



*ഷംഷാബാദ് രൂപതാധ്യക്ഷനായി സ്ഥാനമേൽക്കുന്ന മാർ റാഫേൽ തട്ടിലിന് തൃശൂർ അതിരൂപത നൽകിയ യാത്രയയപ്പ് സമ്മേളനം പാലക്കാട് ബിഷപ് മാർ ജേക്കബ് മനത്തോടത്ത് ഉദ്ഘാടനം ചെയ്യുന്നു. മാർ ജേക്കബ് തൂങ്കുഴി, മാർ ആൻഡ്രൂസ് താഴത്ത്, മാർ അപ്രേം മെത്രാപ്പൊലീത്ത, മാർ ടോണി നീലങ്കാവിൽ, മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ, സി.എൻ. ജയദേവൻ എംപി തുടങ്ങിയവർ സമീപം.*

തൃശൂർ: ഷംഷാബാദ് സീറോ മലബാർ രൂപതയുടെ ഉദ്ഘാടനവും പ്രഥമ ബിഷപ് മാർ റാഫേൽ തട്ടിലിന്റെ സ്ഥാനാരോഹണവും ജനുവരി ഏഴിന് ഹൈദരാബാദ് ബാലാജി നഗറിലെ സാന്തോം നഗർ കൺവൻഷൻ ഹാളിൽ നടക്കും. കേരളത്തിലെ സീറോ മലബാർ സഭാചരിത്രത്തിലെ ആ സുവർണാധ്യായത്തിനു മിഴിവേകാൻ ഒരുക്കങ്ങൾ അന്ത്യഘട്ടത്തിലാണ്. ചടങ്ങുകൾ ഇങ്ങനെ:

രാവിലെ **9.30:** മാർ റാഫേൽ തട്ടിലിന്റെ സ്ഥാനാരോഹണ ചടങ്ങ്. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമികൻ; റോമിലെ പൗരസ്ത്യ സഭകളുടെ തിരുസംഘം സെക്രട്ടറി റവ. ഡോ.സിറിൾ വാസ്, ഹൈദരാബാദ് ആർച്ച്ബിഷപ് റവ.ഡോ. തുമ്മ ബാല സഹകാർമികർ. **10.45:** ബിഷപ് മാർ റാഫേൽ തട്ടിലിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന: സിബിസിഐ പ്രസിഡന്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലിമ്മീസിന്റെ വചനസന്ദേശം. **12.30:** പൊതുസമ്മേളനം, ഉച്ചഭക്ഷണം.

ആന്ധ്രാപ്രദേശ് വിഭജിച്ചു രൂപീകരിച്ച തെലങ്കാനയുടെ തലസ്ഥാനമായ ഹൈദരാബാദിന്റെ പ്രാന്തപ്രദേശമാണ് ഷംഷാബാദ്. ഇവിടം ആസ്ഥാനമാക്കി സ്ഥാപിച്ച പുതിയ രൂപതയുടെ കീഴിൽ കേരളമൊഴികെയുള്ള 23 സംസ്ഥാനങ്ങളും രണ്ടു കേന്ദ്രഭരണ പ്രദേശങ്ങളും രണ്ടു ദ്വീപുകളും ഉൾപ്പെടും.

ഇപ്പോൾ 1.20 ലക്ഷം വിശ്വാസികളും 88 വൈദികരും ഷംഷാബാദ് രൂപതയിലുണ്ട്. ഹൈദരാബാദ് രാജീവ് ഗാന്ധി രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് 18 കിലോമീറ്ററും ഹൈദരാബാദ് റയിൽവേ സ്റ്റേഷനിൽ നിന്ന് 17 കിലോമീറ്ററും അകലെയാണ് ഷംഷാബാദ്.

**തൃശൂർ അതിരൂപത മാർ റാഫേൽ തട്ടിലിന് സ്നേഹനിർഭരമായ യാത്രയയപ്പ് നൽകി. ഷംഷാബാദിനുള്ള ഉപഹാരമായി ഒരു കോടി രൂപയും.** **(വാർത്ത – പേജ് 2)**

## കാരുണ്യപ്പുഴയായി ബോൺ നതാലെ!

**സ്വന്തം ലേഖകൻ**

തൃശൂർ: ശരത്കാല സായാഹ്നം ആലവട്ടവും വെഞ്ചാമരവും വീശി എതിരേറ്റു. വർണങ്ങളുടെയും ശബ്ദങ്ങളുടെയും കുടമാറ്റത്തോടെ വീണ്ടും പൂരനഗരിയിൽ ബോൺ നതാലെ ഘോഷയാത്ര അരങ്ങേറി. കാരുണ്യപ്പുഴയായി ഒഴുകിയ ആയിരങ്ങൾ സാംസ്കാരിക നഗരത്തിന്റെ രാജവീഥിയിൽ അഭിവാദനങ്ങൾ ഉയർത്തി: ഹാപ്പി ക്രിസ്മസ്!

തൃശൂർ അതിരൂപതയും പൗരാവലിയും കൈകോർത്ത് നടത്തുന്ന അഞ്ചാമത് ബോൺ നതാലെ ക്രിസ്മസ് – നവവൽസര ഘോഷയാത്ര ഒരിക്കൽ കൂടി അവിസ്മരണീയമായി. സെന്റ് തോമസ് കോളജിൽനിന്ന് വൈകിട്ട് ആരംഭിച്ച വർണശബളമായ ഘോഷയാത്രയിൽ ഓഖി ചുഴലിക്കാറ്റ് ദുരന്തമുൾപ്പെടെയുള്ള സമകാലിക സംഭവങ്ങളും മതസൗഹാർദ സന്ദേശവും തൃശൂരിന്റെയും കേരളത്തിന്റെയും കലാ–സാംസ്കാരിക പൈതൃകവും ബൈബിൾ സന്ദർഭങ്ങളും നിശ്ചലദൃശ്യങ്ങളായി അണിനിരന്നിരുന്നു.

വർണക്കുപ്പായമിട്ട ക്രിസ്മസ് പപ്പമാരും വെള്ളയുടുപ്പണിഞ്ഞ മാലാഖമാരും അശ്വരഥവും അയ്യായിരം പേരുടെ ഫ്ളാഷ്മോബും സാന്താക്ലോസ് വേഷമിട്ട നൂറുകണക്കിന് യുവതീയുവാക്കളും കുട്ടികളും നഗരത്തിന് അലൗകികമായ കാഴ്ചയൊരുക്കി. സ്വരാജ് റൗണ്ട് ചുറ്റി ഘോഷയാത്ര സെന്റ് തോമസ് കോളജിൽ സമാപിച്ചപ്പോൾ, പൊതുസമ്മേളനം. വിവിധ കാരുണ്യപ്രവൃത്തികളുടെ പ്രഖ്യാപനത്തോടെ സമാപനം.

ഓഖി ദുരന്തബാധിതർക്ക് ഇതുവരെ തൃശൂർ അതിരൂപത 20 ലക്ഷം രൂപ നൽകിയെന്നും അതിരൂപതയിലെ ഇടവകകൾ വഴി ജാതിമതഭേദ്യമെന്യെ ചികിൽസാ സഹായമായി 22 ലക്ഷം രൂപ വിതരണം ചെയ്തെന്നും മാർ ആൻഡ്രൂസ് താഴത്ത് അറിയിച്ചു. നിർധനരായ അഞ്ചു കുടുംബങ്ങൾക്ക് വീടുകൾ നിർമിച്ചു നൽകും.



*തൃശൂർ അതിരൂപത പ്രസിദ്ധീകരണമായ 'കത്തോലിക്കാസഭ' യുടെ പ്രമോട്ടേഴ്സ് മീറ്റ് 2017–18 ആർച്ച് ബിഷപ്പ് എമരിറ്റസ് മാർ ജേക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്യുന്നു. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ, ചീഫ് എഡിറ്റർ മോൺ. തോമസ് കാക്കശേരി, മാനേജിംഗ് എഡിറ്റർ ഫാ.ഫ്രാൻസിസ് കൂത്തൂർ, എക്സി. എഡിറ്റർ ജോസ് തളിയത്ത്, കുടുംബ കൂട്ടായ്മ കേന്ദ്രസമിതി കൺവീനർ എ.എ. ആന്റണി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന എന്നിവർ സമീപം.*

**കത്തോലിക്കാസഭ പ്രമോട്ടേഴ്സ് മീറ്റ്**

**വാർത്തയും ചിത്രങ്ങളും പേജ്: 3**




